## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4371** **13.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ആനുകൂല്യം, റഫറൻസ് പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.വി.ജോയി | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 104 വിദ്യാർത്ഥികൾക്കും 2019-20 അധ്യയനവർഷത്തിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള ബുക്ക്ബേങ്ക് പദ്ധതിയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് 233 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ പരിശോധിച്ച് അർഹമായവയ്ക്ക് 2019-20-ൽ തുക അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**